എങ്കിലും ഉള്ള വനിതകളെ ആയിരിക്കണം മേറ്റായി നിർദ്ദേശിക്കേണ്ടത്.

3. രാഷ്ട്രീയ പാർട്ടികളുടെ സജീവ പ്രവർത്തകരെ മേറ്റുമാരായി നിയമിക്കാൻ പാടുള്ളതല്ല.
4. ഒരു വാർഡിൽ ഒരു സാമ്പത്തിക വർഷം തെരഞ്ഞെടുക്കപ്പെടുന്ന മേറ്റുമാരുടെ 1/3 എസ്.സി/എസ്സ്.റ്റി വിഭാഗത്തിൽപ്പെട്ടവർ ആയിരിക്കേണ്ടതാണ്.
5. മേറ്റുമാരെ തെരഞ്ഞെടുക്കുമ്പോൾ അർഹരായ വികലാംഗർ ഉണ്ടെങ്കിൽ അവരെ മുൻഗണന നല്കി മേറ്റുമാരായി നിയമിക്കേണ്ടതാണ്.
6. മുകളിൽ സൂചിപ്പിച്ച യോഗ്യതകൾ ഉള്ള മേറ്റുമാരെ വാർഡുതല കോർഡിനേഷൻ കമ്മിറ്റി നിർദ്ദേശിക്കേണ്ടതും ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം പഞ്ചായത്ത് സെക്രട്ടറി നിയമന ഉത്തരവ് നല്കേണ്ടതുമാണ്.
7. മേറ്റുമാർ നിർബന്ധമായും 14 ദിവസം കൂടുമ്പോൾ മാറിയിരിക്കേണ്ടതാണ്.
8. ഒരു പ്രവൃത്തിയിൽ യഥാർത്ഥത്തിൽ പങ്കെടുക്കുന്ന തൊഴിലാളികൾ കുറഞ്ഞത് 40 പേർ ഉണ്ടെങ്കിൽ മാത്രമേ ഒരു പൂർണ്ണ സമയ മേറ്റിനെ നിയോഗിക്കേണ്ട ആവശ്യമുള്ളു. പങ്കെടുക്കുന്ന തൊഴിലാളികളുടെ എണ്ണം നാല്പതിൽ കുറവാണെങ്കിൽ മേറ്റിനെ തൊഴിലാളികളിൽ നിന്നും തെരഞ്ഞെടുക്കാവുന്നതാണ്.

തൊഴിലിനുള്ള അപേക്ഷ നാല്പതിൽ കൂടുതൽ തൊഴിലാളികൾ നല്കുകയും എന്നാൽ പണിസ്ഥലത്തെ ഹാജർ 40 ൽ താഴെയും ആയിരിക്കുകയാണെങ്കിൽ മേറ്റ് നിർബന്ധമായും തൊഴിലിൽ പങ്കെടുക്കേണ്ടതും ഹാജർ മേറ്റിന്റെ കോളത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്.

ബി) ഇതിനെക്കുറിച്ച് പഠിക്കാൻ പ്രത്യേക സമിതിയെ നിയോഗിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

ബി) സംസ്ഥാനത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുക്കാവുന്ന പ്രവൃത്തികളെ സംബന്ധിച്ച വിലയിരുത്തൽ നടത്തുന്നതിനും ഭേദഗതികൾ നിർദ്ദേശിക്കുന്നതിനുമായി ഡോ.മിഹിർഷ അദ്ധ്യക്ഷനായ ഒരു സമിതിയെ കേന്ദ്രസർക്കാർ നിയോഗിച്ചിരുന്നു.

സി) എങ്കിൽ എന്തെല്ലാം പഠനവിഷയങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് സമിതിക്ക് നൽകാനുദ്ദേശിക്കുന്നത്:

സി) മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുക്കാൻ കഴിയുന്ന പ്രവൃത്തികളെ കുറിച്ച് പഠിച്ച് വിലയിരുത്തൽ നടത്തുന്നതിനും ഭേദഗതികൾ നിർദ്ദേശിക്കുന്നതിനുമാണ് സമിതിയെ നിയോഗിച്ചത്.

ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഡി) ബഹു: മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള നിവേദക സംഘം 22.11.2011 –ൽ ബഹു: പ്രധാനമന്ത്രിക്ക് നൽകിയ നിവേദനത്തിൽ സംസ്ഥാനതൊഴിലുറപ്പ് കൗൺസിൽ ശുപാർശ ചെയ്ത ഉല്പാദനപരവും സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയെ ത്വരിതപ്പെടുത്താനുത–

കുന്നതുമായ പുതിയ ഇനം പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച കേന്ദ്ര സർക്കാരിന്റെ മറുപടി ഇതുവരെ ലഭ്യമായിട്ടില്ല. പ്രസ്തുത നിവേദന പ്രകാരം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്താൻ ആവശ്യപ്പെട്ട പ്രവൃത്തികളെ സംബന്ധിച്ച വിവരം താഴെ പറയുന്നു.

എ) **ക്ഷീര കർഷകരുടെ മൃഗസംരക്ഷണ പ്രവൃത്തികൾ**

ഏറ്റവും കുറഞ്ഞത് 2 പശു/ എരുമകളെയെങ്കിലും വളർത്തുന്ന പ്രതിദിനം കുറഞ്ഞത് 10 ലിറ്റർ പാൽ എങ്കിലും ക്ഷീരസഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്യുന്നവരുമായ കുടുംബത്തിലെ ഒരംഗത്തിനെ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തേണ്ടതാണ്.

**ക്ഷീരകർഷകരുടെ** പ്രവൃത്തികളായ കറവ, തീറ്റപുൽ കൃഷി, തൊഴുത്ത് വൃത്തിയാക്കൽ, കാലിതീറ്റ ഉല്പാദനം തുടങ്ങിയവ ഉൾപ്പെടുത്താവുന്നതാണ്. ഇത് അംഗീകരിച്ചാൽ സംസ്ഥാനത്തിന്റെ പാലുല്പാദനത്തിൽ ഗണ്യമായ പുരോഗതിയുണ്ടാ

ക്കാൻ കഴിയും.

ബി) **കയർ മേഖലയിലെ പ്രവൃത്തികൾ** കേരളത്തിലെ ഗ്രാമപ്രദേശങ്ങളിലെ നദീതടങ്ങളിലെയും കായൽ തീരങ്ങളിലേയും പ്രധാന പരമ്പരാഗത കുടിൽ വ്യവസായമാണ് കയർ ഉല്പാദനം. തൊഴിലാളികൾ ഉല്പാദിപ്പിക്കുന്ന കയറിന്റെ അളവനുസരിച്ച് ബന്ധപ്പെട്ട വകുപ്പിലൂടെ കൂലി നൽകാവുന്നതാണ്.

തൊണ്ട് ശേഖരണം, തൊണ്ട് അഴുക്കലിടൽ, ചകിരിപിരിച്ച് കയറാക്കൽ, കയർ നാരുകൾ കെട്ടുകളാക്കുന്ന പ്രവൃത്തികൾ തുടങ്ങിയവ അംഗീകൃത പ്രവൃത്തികളായി ഏറ്റെടുക്കാവുന്നതാണ്. ഇത് അംഗീകരിച്ചാൽ കയർ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് കൂടുതൽ സഹായകരമായിരിക്കും

സി) **കാർഷിക പ്രവൃത്തികൾ**

ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിൽ നെൽകൃഷി, പഴം/പൂവ്/പച്ചക്കറി കൃഷി എന്നിവയ്ക്കായുള്ള പ്രവൃത്തികളും സ്വയം സഹായ ഗ്രൂപ്പുകൾ പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്ന ഭൂമിയിലെ കാർഷിക പ്രവൃത്തികളും

ഉൾപ്പെടുത്താവുന്നതാണ്.

തൊഴിലുറപ്പ് പദ്ധതിയുടെ സാധന ഘടകത്തിൽ ഉൾപ്പെടുത്തി വിത്ത്/നടീൽ വസ്തുക്കൾ വാങ്ങാവുന്നതാണ്.

ഡി) **തീരപ്രദേശ വികസനത്തിനേറ്റെടുക്കാവുന്ന പ്രവൃത്തികൾ**

മത്സ്യ തൊഴിലാളികളുടെ ജീവസന്ധാരണത്തിനുതകുന്ന അടിസ്ഥാന സൗകര്യങ്ങളായ ഫിഷ് ലാന്റിംഗ് സെന്ററുകൾ, ഫിഷ് ഡ്രൈയിംഗ് യാർട്ട്സ്, ഫിഷ് ബന്റിംഗ് സെന്ററുകൾ എന്നിവയും തീര സംരക്ഷണത്തിനുതകുന്ന മണൽ ചാക്കുകളുപയോഗിച്ചുള്ള കടൽ ഭിത്തി നിർമ്മാണം, ബെൽറ്റ് പ്ളാന്റേഷൻ തുടങ്ങിയ പ്രവൃത്തികളും തൊഴിലുറപ്പ് പദ്ധതിയിൽഉൾപ്പെടുത്താവുന്നതാണ്.

സെക്ഷൻ ഓഫീസർ